(സി) അത് നികത്തുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) 611 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തൊട്ടാകെ ഫോറസ്റ്റ് ഗാർഡുമാരുടെ 197 ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ട്.

(സി) ഒഴിവുകളുടെ ലഭ്യതയനുസരിച്ച് അവ നികത്തുന്നതിന് പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തുവരുന്നു.

88 (1686) അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റ്

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെ തെരഞ്ഞെടുക്കുന്നതിനായുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽവന്നത് എന്നാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ ലിസ്റ്റിൽനിന്നും നാളിതുവരെ എത്രപേർക്ക് നിയമനം ലഭിച്ചു എന്ന് കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ ലിസ്റ്റിൽ നിന്നും പരമാവധി ആളുകൾക്ക് നിയമനം ലഭിക്കാനുതകുംവിധം ഒഴിവുകൾ അറിയിക്കുന്നതിനും നിയമനം നടത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 19.9.1998-ൽ

(ബി) 81 പേരെ നിയമിച്ചുകഴിഞ്ഞു. കാറ്റഗറി തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) 30.11.1999- വരെയുള്ള എ.എം.വി.ഐ. തസ്തികയിലുള്ള എല്ലാ ഒഴിവുകളും (നേരിട്ടുള്ള നിയമനം വഴിയുള്ളത്) ഇതിനകം പി.എസ്.സി. യെ അറിയിച്ചു കഴിഞ്ഞു. 12.1999-ൽ ഒഴിവുവന്ന 12 തസ്തികകൾകൂടി പി.എസ്.സി.യെ അറിയിക്കാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു.

89 (1687) പൊതുമേഖലാ സ്ഥാപനങ്ങൾ, ക്ഷേമനിധിബോർഡ് എന്നിവയിലെ പി.എസ്.സി. നിയമനങ്ങൾ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) പി.എസ്.സി. വഴി നിയമനം നടത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, ക്ഷേമനിധി ബോർഡുകൾ എന്നിവ ഏതൊക്കെയാണ്;

(ബി) ഈ സ്ഥാപനങ്ങളിലേക്ക് ഇപ്പോൾ നിയമനം നടത്തുന്നത് പി.എസ്.സി. വഴിയാണോ;

(സി) ഈ സ്ഥാപനങ്ങളിലേയ്ക്ക് റിക്രൂട്ട്മെന്റ് നടത്തുന്നതിന് ആവശ്യമായ റൂൾസ് തയ്യാറാക്കിയിട്ടുണ്ടോ; ഇനിയും റൂൾസ് തയ്യാറാക്കാത്തതിന്റെ ഫലമായി നിയമനം നടത്താൻ കഴിയാത്ത സ്ഥാപനങ്ങൾ ഏതൊക്കെയാണ്;

(ഡി) കള്ള് വ്യവസായ ക്ഷേമനിധി തൊഴിലാളി ബോർഡിലേക്കുള്ള നിയമനം പി.എസ്.സി. വഴി നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; എന്നാണ് തീരുമാനിച്ചത്; ഇതുവരെ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് തടസ്സമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പി.എസ്.സി. വഴി നിയമനം നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ള 4 ക്ഷേമനിധി ബോർഡുകളുടെയും 29 സഹകരണ സ്ഥാപനങ്ങളുടെയും 96 പൊതുമേഖലാ സ്ഥാപനങ്ങളുടെയും പേരുവിവരം അനുബന്ധം† 1-ൽ നൽകിയിട്ടുണ്ട്.

(ബി)&(സി) അനുബന്ധം 1 ൽ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ 52 പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിരീയൽ വർക്കർ തസ്തികകൾ ഒഴിച്ചുള്ളവയിലേക്കുള്ള നിയമനം പി.എസ്.സി. വഴി നടത്തുന്നുണ്ട്. ഇപ്പോൾ പി.എസ്.സി. വഴി നിയമനം നടത്തുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പേരുവിവരം അനുബന്ധം 2 ൽ ചേർത്തിട്ടുണ്ട്. കൂടാതെ 14 ജില്ലാ സഹകരണ ബാങ്കുകളും പി.എസ്.സി. വഴിയുള്ള നിയമന നടപടികൾ ആരംഭിച്ചിട്ടുണ്ട്. മറ്റ് സ്ഥാപനങ്ങളിൽ നിയമനം നടത്തുന്നതിനുള്ള സ്പെഷ്യൽ റൂൾസ് തയ്യാറാക്കി വരികയാണ്.

(ഡി) 27.8.90 ലെ ജി.ഒ. (എം.എസ്.) 31/90/പി.ആന്റ്.എ.ആർ.ഡി. ഉത്തരവ് പ്രകാരം കേരള കള്ളുവ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിലേക്കുള്ള നിയമനം പി.എസ്.സി. വഴി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുവരെ ആരെയും പി.എസ്.സി. വഴി നിയമിച്ചിട്ടില്ല. പി.എസ്.സി. വഴി നിയമനം നടത്തുന്നതിലേക്ക് നിലവിലുള്ള ഒഴിവുകളുടെ വിശദവിവരങ്ങൾ പി.എസ്.സി. യെ അറിയിച്ചിട്ടുണ്ട്.

90 (1688) ഇടുക്കി ജില്ലയിൽ വിവിധ വകുപ്പുകളിലേയ്ക്ക് നടത്തിയ പി.എസ്.സി. ടെസ്റ്റിലെ ക്രമക്കേട്

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ വിവിധ വകുപ്പുകളിലേയ്ക്ക് പി.എസ്.സി. 1999 നവംബർ മാസത്തിൽ നടത്തിയ ടെസ്റ്റിൽ ഒരു പ്രത്യേക ഗൈഡിലെ തുടർച്ചയായുള്ള അനവധി ചോദ്യങ്ങൾ ആയിരുന്നോ ചോദിച്ചിരുന്നത്;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly